# കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 970 — 28/04/2017 ന് മറുപടിയ്ക്ക്

## വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഇൻസ്ട്രക്ടർ (ക്ലോത്തിംഗ് & എംബ്രോയ്ഡറി) - (799-12930 PR) കാറ്റഗറി നം.41/ 2005 എന്ന തസ്തികയിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണ്; ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയത്; വ്യക്തമാക്കമോ; | (എ) | പി.എസ്.സി അപേക്ഷ ക്ഷണിച്ചത് 26.04.2005 ലാണ്. ടി ലിസ്റ്റിൽ നിന്ന് ഒൻപത് പേർക്ക് നിയമനം നൽകി. |
| (ബി) | നിയമനം ലഭിച്ച ആരെയെങ്കിലും പിന്നീട് സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കമോ; | (ബി) | ഉണ്ട്. സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതയില്ല എന്ന കോടതി ഉത്തരവുകളെ തുടർന്ന് കേരള പബ്ലിക് സർവീസ് കമ്മിഷൻ ഒമ്പത് പേരുടെ നിയമന ശിപാർശ റദ്ദ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ ഇവരുടെ നിയമനം റദ്ദ് ചെയ്തത്. |
| സി) | ഇങ്ങനെ പിരിച്ചുവിടപ്പെട്ടവർക്ക് പിന്നീട് സർവ്വീസിൽ പുനർനിയമനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പുനർനിയമനം ലഭിച്ചത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കമോ; | സി) | ഉണ്ട്. 4.9.2015 ലെ സ.ഉ(കൈ) നം.232/2015/പൊ.വിവ. പ്രകാരം 6 പേർക്കും 27.6.2016 ലെ സ.ഉ. (സാധാ) നം.2044/2016/ പൊ.വി.വ പ്രകാരം ഒരാൾക്കും പുനർ നിയമനം കൊടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). മറ്റ് രണ്ട് പേർ അന്യവകുപ്പിൽ ജോലി സ്വീകരിക്കുന്നതിന് നേരത്തെതന്നെ വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽനിന്ന് വിടുതൽ നേടിയവരാണ് . |

| | | | |
|---|---|---|---|
| (ഡി) | പിരിച്ചുവിടപ്പെട്ട മുഴുവൻ പേർക്കും പുനർനിയമനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രീമതി ഭവാനി കെ. എന്നവർക്ക് പുനർനിയമനം ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. ഒമ്പതുപേരുടെ നിയമന ശിപാർശ റദ്ദ് ചെയ്തതിന് തുടർച്ചയായി പി.എസ്.സി പുതുതായി ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളിൽ ഒരാളാണ് ശ്രീമതി കെ.ഭവാനി. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ടിയാൾക്ക് സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതയില്ലെന്ന് ഉത്തരവായതിനെ തുടർന്നാണ് ടി പ്രൊബേഷണറുടെ സേവനം റദ്ദ് ചെയ്തത്. ടിയാൾക്ക് പുനർ നിയമനം കൊടുത്തിട്ടില്ല. |
| (ഇ) | പുനർനിയമനം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഭവാനി.കെ സർക്കാരിനു സമർപ്പിച്ച അപേക്ഷയിൽ (799/2017/Nor/M(Edn) dt. 3-1-2017) എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ; | (ഇ) | പുനർ നിയമനം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഭവാനി സമർപ്പിച്ച 3.10.2015 ലെയും 2.9.2016 ലെയും ഹർജികൾ, നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അനുവദനീയമല്ലാത്തതിനാൽ നിരാകരിച്ചിട്ടുണ്ട്. വീണ്ടും ടിയാൾ സർക്കാരിൽ സമർപ്പിച്ച 799/2017/Nor/M(Edn) തീയതി 3.1.2017 നമ്പർ അപേക്ഷ ഈ വകുപ്പിലെ 1201324/ എസ്.സി2/ 2017/പൊ.വി.വ നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. |
| (എഫ്) | ശ്രീമതി ഭവാനിയ്ക്ക് പുനർനിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ശ്രീമതി കെ.ഭവാനി സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

Annexure I

# കേരള സർക്കാർ

സംഗ്രഹം

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് റദ്ദാക്കിയതിനാൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് (ക്ലോത്തിംഗ് & എംബ്രോയിഡറി) പുനർനിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

**ജി.ഒ(എം.എസ്) നം.232/2015/പൊ.വി.വ തീയതി, തിരുവനന്തപുരം: 04.09.2015**

---

പരാമർശം :- 1) ജി.ഒ.(പി) നം. 81/2004/പൊ.വി.വ തീയതി, 12.03.2004.

2) ശ്രീമതി. ജിഷാ മാത്യൂ ശ്രീമതി. ശ്രീജ. കെ.പി, ശ്രീമതി.മഞ്ജു.ആർ.എന്നിവരുടെ 09.09.2013 ലെ അപേക്ഷ

3) ശ്രീമതി. മായാദേവി. ജി, ശ്രീമതി. സുരേഖ വി.എസ്. ശ്രീമതി. നീനാ എലിസബത്ത് എബ്രഹാം എന്നിവരുടെ 05.05.2014 ലെ അപേക്ഷ.

## ഉത്തരവ്

പരാമർശം (1) പ്രകാരമുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് വൊക്കേഷണൽ ഇൻസ്ട്രക്ടർ (ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി) തസ്തികയുടെ യോഗ്യത താഴെ പറയുന്നതാണ്.

**" A pass in Vocational Higher Secondary Course in Clothing and Embroidery conducted by Government of Kerala or its equivalent with B.Sc. Home Science awarded by any of the Universities in Kerala or an equivalent qualification;**

OR

**Pre-Degree awarded by any of the Universities in Kerala or**

its equivalent with Diploma in Costume Designing and Dress Making awarded by the Department of Technical Education".

2) മേൽ യോഗ്യതയനുസരിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ 2004 വർഷത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയുടെ ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും അതിൻ പ്രകാരം കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുകയും എഴുത്തു പരീക്ഷ നടത്തുകയും ചെയ്തു. എന്നാൽ 12.05.2008-ലെ തീരുമാനത്തിലൂടെ മേൽ വിവരിച്ച യോഗ്യതയുടെ കൂടെ പ്രീഡിഗ്രിയും, എം.എസ്.സി ഹോം സയൻസും യോഗ്യതയുള്ളവരെയും വൊക്കേഷണൽ ഇൻസ്ട്രക്ടർ (ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി) തസ്തികയിലേയ്ക്ക് പരിഗണിക്കാമെന്ന് പി.എസ്.സി തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അടിസ്ഥാന യോഗ്യതയില്ലാത്ത, എന്നാൽ പ്രീഡിഗ്രിയും എം.എസ്.സി ഹോം സയൻസ് ബിരുദവും ആർജ്ജിച്ച ഉദ്യോഗാർത്ഥികളെ കൂടി പി.എസ്.സി റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുകയും അവർക്ക് നിയമന ശിപാർശ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുകയും അവർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

3) ഇതേ സമയം, പി.എസ്.സി -യുടെ മേൽ വിവരിച്ച നടപടികൾക്കെതിരായി സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യതയുള്ളവരും എന്നാൽ റാങ്ക് ലിസ്റ്റിൽ താഴ്ന്ന റാങ്കിൽ ഉൾപ്പെട്ടവരുമായ ഏതാനും ഉദ്യോഗാർത്ഥികൾ ബഹു.ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി(സി) നം.20771/2008 മുതലായ ഹർജികൾ ഫയൽ ചെയ്യുകയുണ്ടായി. മേൽ ഹർജികൾ തീർപ്പാക്കികൊണ്ട് വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയ്ക്ക് പ്രീഡിഗ്രിയും എം.എസ്.സി ഹോം സയൻസും തത്തുല്യ യോഗ്യതയാക്കി മാറ്റിയ 12.05.2008-ലെ പി.എസ്.സി-യുടെ തീരുമാനം നിയമന വിജ്ഞാപന പ്രക്രിയയുടെ മദ്ധ്യത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്നും ആയത് 12.05.2008-ന് ശേഷമുള്ള വിജ്ഞാപനങ്ങൾക്ക് മാത്രമേ ബാധകമാകുകയുള്ളൂയെന്നും, ആയതിനാൽ മേൽ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും റാങ്ക് നം.1, 6, 7, 8-ഉം എസ്.സി സപ്ലിമെന്ററി ലിസ്റ്റിലെ റാങ്ക് നം.1 -ഉം ആയുള്ള ഉദ്യോഗാർത്ഥികളെ പുറത്താക്കേണ്ടതാണെന്നും ഹൈക്കോടതി സിംഗിൾ ബെഞ്ച് 15.12.2008 തീയതിയായി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ശ്രീമതി. ജിഷ മാത്യൂ (റാങ്ക് നം.1), ശ്രീമതി. ലിസ്സി ജോൺ (റാങ്ക് നം. 6), ശ്രീമതി. രമ്യ എം.എസ് (റാങ്ക് നം. 7), ശ്രീമതി.കെ.പി.ശ്രീജ (റാങ്ക് നം.8), ശ്രീമതി.മഞ്ജു.ആർ.എസ് (സപ്ലിമെന്ററി ലിസ്റ്റിൽ റാങ്ക് നം. 1) എന്നിവരെ റാങ്ക് പട്ടികയിൽ നിന്നും ഒഴിവാക്കി.

4) മേൽ വിധിക്കെതിരെ മേൽ പറഞ്ഞ ഉദ്യോഗാർത്ഥികളും കേരള പബ്ലി സർവ്വീസ് കമ്മീഷനും ഡബ്ല്യു.എ.നം. 325/2009, 326/2009 മുതലായ റിട്ട് അപ്പീലുക ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുകയും, ബഹു. കോടതി 13.03.2009-ലെ വിധിയിലൂടെ സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തു. മേ വിധിയ്ക്കെതിരായി ശ്രീമതി. ലിക്സി ജോൺ മുതൽപേർ ബഹു. സുപ്രീം കോടതി മുമ്പാകെ 2009-ലെ 17747 - 17756 പ്രകാരം സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും ബഹു. സുപ്രീം കോടതി 30.08.2013-ലെ ഉത്തരവിലൂടെ ആയവ തള്ളിക്കളയുകയും ചെയ്തു മേൽ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 31.03.2014 തീയതിയായ മേൽ ഉദ്യോഗാർത്ഥികളുടെയും 24.04.2014 തീയതിയായി ശ്രീമതി. റസീന.സി ശ്രീമതി.നീനാ എലിസബത്ത് എബ്രഹാം, ശ്രീമതി.സുരേഖ.വി.എസ്, ശ്രീമതി.മായാ ദേവി.ജി എന്നിവരുടെയും നിയമന ശിപാർശ റദ്ദ് ചെയ്തു. അതിനനുസൃതമായി മേൽ ഉദ്യോഗാർത്ഥികളുടെ നിയമനം റദ്ദ് ചെയ്തുകൊണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ 15.05.2014-ൽ ഉത്തരവായി.

5) ഇപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനശിപാർശ റദ്ദ് ചെയ്തതിനാൽ 9 ഉദ്യോഗാർത്ഥികൾ ഒരേ സമയം സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെടുകയുണ്ടായി. മേൽ പറഞ്ഞവരിൽ ശ്രീമതി. ലിക്സി ജോണും, ശ്രീമതി.രമ്യ.കെ.എസും മറ്റ് ജോലി സ്വീകരിക്കുന്നതിന് നേരത്തെ തന്നെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടവരാണ്. ബാക്കിയുള്ളവരിൽ ഏതാനും പേർ തങ്ങൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ 6 വർഷത്തോളമായി ജോലി നോക്കി വരികയായിരുന്നു എന്നും തങ്ങൾക്ക് മറ്റ് സർക്കാർ ജോലിക്ക് അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞെന്നും ആയതിനാൽ കെ.എസ്.ആന്റ് എസ്.എസ്.ആർ, ഭാഗം. II, റൂൾ 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് തങ്ങൾക്ക് പുനർ നിയമനം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ മുമ്പാകെ പരാമർശം (2), (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നടപടി ക്രമം വഴി സർവ്വീസിൽ പ്രവേശിച്ചവരാണെന്നും തങ്ങളുടെ ഭാഗത്ത് നിന്ന് വീഴ്ചയൊന്നും സംഭവിക്കാത്തതിനാൽ തങ്ങളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നത് മനുഷ്യാവകാശ ലംഘനമാകുമെന്നും കൂടി അവർ പ്രസ്താവിച്ചിട്ടുണ്ട്.

6) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷകർ

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ വർഷങ്ങളായി ജോലി നോക്കി വന്നിരുന്ന സാഹചര്യവും, ഇവർക്ക് ഇനി മറ്റൊരു ജോലി ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യവും കണക്കിലെടുത്തു കൊണ്ട്, മാനുഷിക പരിഗണന നൽകി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ (ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി) ആയി ശ്രീമതി. ശ്രീജ.കെ.പി, ശ്രീമതി.മഞ്ജു.ആർ.എസ്, ശ്രീമതി.ജിഷ മാത്യു, ശ്രീമതി.നീനാ എലിസബത്ത് എബ്രഹാം, ശ്രീമതി. സുരേഖ.വി.എസ്, ശ്രീമതി.മായാദേവി.ജി എന്നിവർക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് കൊണ്ട്, കെ.എസ് ആന്റ് എസ്.എസ്.ആർ, ഭാഗം II, ചട്ടം (39) പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 6 സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് പുനർ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

i) പ്രസ്തുത നിയമനത്തിന് ഉത്തരവ് തീയതി മുതൽ മാത്രമെ പ്രാബല്യം ഉണ്ടാകുകയുള്ളൂ.

ii) പ്രസ്തുത നിയമനം ബഹു. ഹൈക്കോടതിയിൽ റിട്ട്പെറ്റീഷൻ സമർപ്പിച്ച പെറ്റീഷണർമാർ ഉൾപ്പെടെ, ടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അവകാശത്തെ യാതൊരു വിധത്തിലും ബാധിക്കാൻ പാടില്ല.

iii) ഇപ്രകാരം പുനർ നിയമനം ലഭിക്കുന്ന ഇൻസ്ട്രക്ടർമാർ ഇനി ഉത്ഭവിക്കുന്ന സ്ഥിരം ഒഴിവുകളിൽ ആഗിരണം ചെയ്യപ്പെട്ടതിന് ശേഷം മാത്രമായിരിക്കണം ടി തസ്തികയിലേക്ക് ഭാവിയിലുണ്ടാകുന്ന നിയമനങ്ങൾ നടത്തേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**വി. എസ്. സെന്തിൽ**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ശ്രീമതി. ശ്രീജ.കെ.പി, പുളിക്കൽ വീട്, പൂങ്ങോട്, ഉവ്വൂർ, മലപ്പുറം.
ശ്രീമതി.മഞ്ജു.ആർ.എസ്, ശാന്തി ഭവൻ, കോരാണി, ആറ്റിങ്ങൽ, തിരുവനന്തപുരം.
ശ്രീമതി.ജിഷ മാത്യു, വെട്ടം ഹൗസ്, കടിയാൻമല പി.ഒ., കണ്ണൂർ
ശ്രീമതി.നീനാ എലിസബത്ത് എബ്രഹാം, പുത്തൻകോടിക്കൽ ഹൗസ്, നടക്കാവ്, മാവേലിക്കര, ആലപ്പുഴ.

ശ്രീമതി. സുരേഖ.വി.എസ്, ഇണിൽവീട്, വടക്കുംകര വെസ്റ്റ്, ഉമയനല്ലൂർ, കൊല്ലം
ശ്രീമതി.മായാദേവി.ജി., പല്ലവി, വട്ടവിള, പൂങ്കുളം, വെള്ളായണി പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ ആന്റ് ഇ) കേരള, തിരുവനന്തപുര
പൊതുഭരണ (എസ്.സി) വകുപ്പ് (vide 19.08.2015-ലെ ഇനം നം.7251 പ്രകാരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(22.08.2014-ലെ യു.ഒ.നം.17542/ബി3/2014/ഉഭപ
01.10.2014-ലെ യു.ഒ നം.20530/ബി3/2014/ഉഭപവ എന്നിവ പ്രകാരം)
ധനകാര്യ വകുപ്പ് (26.11.2014 ലെ യു.ഒ. നം, 88474/എഡ്യു.ബി1/14/ധന പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാ

സെക്ഷൻ ഓഫീസ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്.

58

Annexure D

GOVERNMENT OF KERALA

Abstract

Vocational Higher Secondary Education – CP(C) No.195/2015 in OA(EKM) No. 685/2015 filed by Smt.Rasina.C before the Hon'ble Kerala Administrative Tribunal – Interim Order dated 30.05.2016 of the Tribunal – Complied with – Orders issued

**GENERAL EDUCATION (SC) DEPARTMENT**

G.O(Rt)No.2044/2016/Gl.Edn Dated, Thiruvananthapuram: 27.06.2016

Read:-
1) Orders of the Hon'ble Kerala Administrative Tribunal dated 19.08.2015 in OA(EKM) No.685/2015 filed by Smt.Rasina.C.
2) G.O.(Rt) No.422/2016/Gl.Edn. Dated 03.02.2016.
3) Appeal dated 17.02.2016 from Smt. Rasina.C
4) Letter No. E5/2089/2015 dated 30.03.2016.
5) Interim Order of the Hon'ble Kerala Administrative Tribunal dated 30.05.2016 in CP(C) No.195/2015 filed by Smt.Rasina.C.

## ORDER

The Hon'ble Kerala Administrative Tribunal by its Order dated 19.08.2015 read as first paper above, issued directions to the 1st respondent, ie Government to consider and pass orders on Annexure A9 representation in accordance with law after affording an opportunity of being heard to the applicant, Smt. Rasina.C within 2 months from the date of receipt of a copy of the Order. While Government were taking action in the above case, Smt. Rasina.C again filed CP(C) No.195/2015 in the OA.685/2015 with a prayer to settle the case at the earliest. Government filed a reply statement in CP(C)195/2015 by explaining the facts in the case.

Government complied the Hon'ble Court's order read as first paper above by issuing the Government Order read as second paper above with the following directions /orders.

i)The Director, Vocational Higher Secondary Education will examine the case with respect to the Special Rules, Supreme Court Order, decision of the Kerala Public Service Commission and subsequent Kerala Administrative Tribunal Orders and submit a fresh and concrete proposal to Government for the re-appointment of the applicant if found necessary.

ii)The Director, Vocational Higher Secondary Education will furnish a detailed report in the circumstances which necessitated/necessitating in the implementation of the lower court orders when the matter finally stands decided by the Hon'ble Supreme Court.

Again Smt. Rasina.C, appealed before Government vide representation read as 3rd paper above to allow her to rejoin in the service as Vocational Instructor (Clothing and

Embroidery) in the wake of the orders of Hon'ble Kerala Administrative Tribunal read as first paper above. Government called for the Director, VHSE to furnish the proposal as instructed earlier in the G.O. read as second paper above, along with a report on the appeal dated 17.02.2016 from Smt. Rasina. The report in this regard was received on 04.04.2016 from the Director. As per the orders read as fifth paper above, the Hon'ble Kerala Administrative Tribunal have directed Government to pass orders to permit Smt. Rasina to re-join duty. It is observed by the Hon'ble Kerala Administrative Tribunal that, the applicant will be entitled to be paid salary also. It was also directed to pass appropriate orders within a period of three weeks from the date of receipt of a copy of the order.

Government have examined the matter in detail. As the part of compliance of the Hon'ble Kerala Administrative Tribunal's Interim Order dated 30.05.2016 in CP(C) No. 195/2015 in OA(EKM) No. 685/2015 filed by Smt. Rasina.C, the Director, Vocational Higher Secondary Education is instructed to re-instate Smt. Rasina in the post of Vocational Instructor in Clothing and Embroidery on provisional basis, by surrendering the junior most appointee in Vocational Instructor in Clothing and Embroidery to Kerala Public Service Commission subject to the outcome of Judgment/ Orders of the Hon'ble High Court / Hon'ble Kerala Administrative Tribunal in this regard.

Director, Vocational Higher Secondary Education will take up the matter with Kerala Public Service Commission and issue necessary proceedings to accommodate Smt. Rasina.C. The Interim Order dated 30.05.2016 of the Hon'ble Kerala Administrative Tribunal in CP(C) No.195/2015 in OA(EKM) No.685/2015 read as fifth paper above is complied with accordingly.

By Order of the Governor

**A.P.M. MOHAMMED HANISH**

Secretary to Government

To

The Director, Vocational Higher Secondary Education, Thiruvananthapuram.
The Advocate General (Kerala), Thiruvananthapuram(with C/L).
The Secretary, Kerala Public Service Commission, Pattom (with C/L)
Smt. Rasina.C, Chakkaren House, Kuthuparamba.P.O, Purakkalam, Kannur.
The Principal Accountant General (Audit)/(A&E) Kerala, Thiruvananthapuram
Stock file/Office Copy

Forwarded/By Order

Section Officer